**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 443** **21-03-2025 - ൽ മറുപടിയ്ക്ക്**

**വിജയാമൃതം പദ്ധതി**

| ചോദ്യം | ഉത്തരം |
|---|---|
| ഡോ. കെ. ടി. ജലീൽ,<br>ശ്രീ വി ജോയി,<br>ശ്രീ. ലിന്റോ ജോസഫ്,<br>ശ്രീ. കെ. ജെ. മാക്സി | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) |

(എ) ഭിന്നശേഷിക്കാരായ മാതാപിതാക്കളുടെ മക്കൾക്ക് ക്ലാസ്സുകളുടെ അടിസ്ഥാനത്തിൽ സ്കോളർഷിപ്പ് നൽകുന്ന പദ്ധതി നിലവിലുണ്ടോയെന്ന് അറിയിക്കുമോ;

(എ) സാമ്പത്തിക പരാധീനതമൂലം ദുരിതമനുഭവിക്കുന്ന ഭിന്നശേഷിയുള്ള മാതാപിതാക്കളുടെ (രണ്ടു പേരും/ ആരെങ്കിലും ഒരാൾ) മക്കൾക്ക് വിദ്യാഭ്യാസ ധനസഹായം നൽകുന്ന 'വിദ്യാകിരണം' പദ്ധതി സാമൂഹ്യനീതി വകുപ്പ് മുഖേന നടപ്പിലാക്കിയിട്ടുണ്ട്. ഒന്നാക്ലാസ് മുതൽ പി.ജി/പ്രൊഫഷണൽ കോഴ്സ് തലം വരെയുള്ള വിദ്യാർത്ഥികൾക്ക് ചുവടെ പറയും പ്രകാരം തുക അനുവദിക്കുന്നു. ഒരു അദ്ധ്യയന വർഷത്തേക്ക് (10 മാസത്തേക്ക്) ഉള്ള തുകയാണ് അനുവദിക്കുന്നത്.

| ക്രമ നം. | ക്ലാസ് | സ്കോളർഷിപ്പ് നിരക്ക് (മാസം) |
|---|---|---|
| 1 | 1 മുതൽ 5 വരെ | 300/- |
| 2 | 6 മുതൽ 10 വരെ | 500/- |
| 3 | +1, +2, ITI തത്തുല്യമായ മറ്റ് കോഴ്സുകൾ | 750/- |
| 4 | ഡിഗ്രി, പി.ജി, പോളിടെക്നിക് തത്തുല്യമായ ട്രെയിനിംഗ് കോഴ്സുകൾ, പ്രൊഫഷണൽ കോഴ്സുകൾ | 1000/- |

(ബി) ഈ സർക്കാരിന്റെ കാലത്ത് പ്രസ്തുത പദ്ധതിയനുസരിച്ച് ധനസഹായം ലഭ്യമാക്കിയതിന്റെ വിശദാംശം നൽകുമോ;

(ബി) ഈ സർക്കാർ നിലവിൽ വന്നതിന് ശേഷം വിദ്യാകിരണം പദ്ധതി പ്രകാരം ധനസഹായം ലഭ്യമാക്കിയതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | സാമ്പത്തിക വർഷം | വിദ്യാകിരണം പദ്ധതിപ്രകാരം അനുവദിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | 2021-22 | 2,29,71,000 | 4544 |
| 2 | 2022-23 | 3,00,73,150 | 6078 |
| 3 | 2023-24 | 2,34,04,158 | 3917 |
| 4 | 2024-25 | 2,24,08,500 | 4364 |

<table>
<tr><td></td><td></td><td></td><td></td></tr>
<tr>
<td>(സി)</td>
<td>ബിരുദ, ബിരുദാനന്തര ബിരുദ, പ്രൊഫഷണൽ കോഴ്സുകളിൽ ഉന്നത വിജയം നേടുന്ന ഭിന്നശേഷിക്കാർക്കായി 'വിജയാമൃതം' എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?</td>
<td>(സി)</td>
<td>ഭിന്നശേഷിത്വത്തോട് പൊരുതി വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പോയി നേരിട്ടോ, പാരലൽ / വിദൂരവിദ്യാഭ്യാസം വഴിയോ പഠിച്ച് കേരള സർക്കാർ അംഗീകരിച്ച ഡിഗ്രി / തത്തുല്യകോഴ്സുകൾ, പി.ജി/പി.ജിക്ക് തത്തുല്യമായ പ്രൊഫഷണൽ കോഴ്സുകൾ എന്നീ തലത്തിൽ ഉന്നത വിജയംകരസ്ഥമാക്കിയ ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് പ്രോത്സാഹനം എന്ന തരത്തിൽ ക്യാഷ് അവാർഡ് നൽകുന്ന വിജയാമൃതം എന്ന പദ്ധതി 2019-20 വർഷം മുതൽ സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കി വരുന്നുണ്ട്.
<table>
<tr><th>ക്രമ നം</th><th>വിഭാഗം</th><th>മാനദണ്ഡം</th><th>തുക</th></tr>
<tr><td>1</td><td>ബിരുദം / തതുല്യ കോഴ്സ്</td><td>60% അതിലധികമോ മാർക്ക് ആർട്സ് വിഷയത്തിൽ<br><br>80% അതിലധികമോ മാർക്ക് സയൻസ് വിഷയത്തിൽ</td><td>8,000/-</td></tr>
<tr><td>2</td><td>ബിരുദാനന്തര ബിരുദം/ പി.ജി/ തത്തുല്യ പ്രൊഫഷണൽ കോഴ്സുകൾ</td><td>60 ശതമാനമോ അതിലധികമോ മാർക്ക്</td><td>10,000/-</td></tr>
</table>
</td>
</tr>
</table>

സെക്ഷൻ ഓഫീസർ